⇨ *തൊട്ടടുത്ത ദിവസങ്ങളിൽ ചർച്ച പോലും കൂടാതെ രാജ്യസഭയിലും ബിൽ പാസാക്കുകയുമുണ്ടായി* ⇨

# കുതന്ത്രങ്ങളാൽ തകർക്കാനാവില്ല കർഷകരുടെ ആത്മവീര്യം

രാജ്യ തലസ്ഥാനം കേന്ദ്രീകരിച്ച് നടക്കുന്ന കർഷകരുടെ സമരം കൂടുതൽ തീക്ഷ്ണമാവുകയാണ്. സമരക്കാരുമായി കേന്ദ്ര കൃഷി മന്ത്രി നടത്തിയ ചർച്ച എവിടെയുമെത്താതെ അടിച്ചു പിരിഞ്ഞു. തങ്ങൾക്കുവേണ്ടി തയാറാക്കിവെച്ച ചായയും ഭക്ഷണവും കഴിക്കാതെയാണ് കർഷക നേതാക്കൾ ചർച്ചാ മുറിയിൽനിന്നും തിരിച്ചുപോയത്. പുതിയ നിയമം പിൻവലിക്കുന്നതിൽ കുറഞ്ഞ ഒരൊത്തുതീർപ്പിനും സന്നദ്ധമല്ലെന്നാണ് കർഷക നേതാക്കൾ പ്രഖ്യാപിച്ചിരിക്കുന്നത്. കർഷക പ്രക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ ഒരു വിശകലനം.

**റംസീന ഉമൈബ**

**കർഷക** വിരുദ്ധ നിയമങ്ങൾ റദ്ദാക്കണമെന്നാവശ്യപ്പെട്ട് അഖിലേന്ത്യ കർഷക കോ-ഓർഡിനേഷൻ കമ്മിറ്റി നവംബർ 26ന് ആരംഭിച്ച ദില്ലി ചലോ മാർച്ച് സ്വതന്ത്ര ഇന്ത്യ കണ്ട ഏറ്റവും വലിയ കർഷക പ്രക്ഷോഭമായി മാറിയിരിക്കുകയാണ്. 21 ഓളം കർഷക സംഘടനകളുടെ മുൻകൈയ്യിൽ രൂപീകരിച്ച അഖിലേന്ത്യാ കോ-ഓർഡിനേഷൻ കമ്മിറ്റി പ്രഖ്യാപിച്ച മാർച്ചിൽ ലക്ഷക്കണക്കിന് കർഷകരാണ് ഇപ്പോൾ അണിചേരുന്നത്. പ്രധാനമായും പഞ്ചാബ്, ഹരിയാന സംസ്ഥാനങ്ങളിൽ നിന്നാണ് കർഷകർ ആദ്യം ദില്ലിയിലേക്ക് എത്തിയതെങ്കിൽ ഒരാഴ്ചയ്ക്കിടയിൽ മധ്യപ്രദേശ്, രാജസ്ഥാൻ, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ്, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ നിന്നും വൻതോതിൽ കർഷകർ ദില്ലിയിലെ സമരത്തിൽ പങ്കുചേരാൻ എത്തിയിരിക്കുന്നു. വ്യാപകമായ അറസ്റ്റുകൾ നടത്തിയും യാത്രമുടക്കാൻ ദേശീയപാതകൾ അടച്ചും അതിർത്തികളിൽ പൊലീസ്, അർദ്ധസൈനിക വിഭാഗങ്ങളെ വൻതോതിൽ വിന്യസിച്ചും കേന്ദ്ര സർക്കാർ കർഷകർ ദില്ലിയിലേക്ക് എത്തുന്നത് തടയാൻ ശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല.

**എന്താണ് സമര പശ്ചാത്തലം?**

2020 ജൂൺ 5ന് ആണ് കാർഷിക മേഖലയുമായി മൂന്ന് ഓർഡിനൻസുകൾ (1. ഫാർമേഴ്സ് എംപവർമെന്റ് ആന്റ് എഗ്രിമെന്റ് ഓഫ് പ്രൈസ് അഷ്വറൻസ് ആന്റ് ഫാം സർവീസ് ബിൽ, 2. ഫാർമേഴ്സ് പ്രൊഡ്യൂസ് ട്രേഡ് ആന്റ് കൊമേഴ്സ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ബിൽ, 3. എസ്സൻഷ്യൽ കമ്മോഡിറ്റീസ് (അമെന്റ്മെന്റ്) ബിൽ) കേന്ദ്ര മന്ത്രിസഭയുടെ പരിഗണനക്ക് കേന്ദ്ര കൃഷി മന്ത്രാലയം മുന്നോട്ടുവെക്കുന്നത്. സെപ്തംബർ 14ന് പാർലമെന്റിന്റെ മേശപ്പുറത്ത് വെക്കുന്നതോടെ ഇത് ബില്ലായി മാറുകയും പ്രതിപക്ഷത്തിന്റെ എതിർപ്പുകളെ അവഗണിച്ചുകൊണ്ട് പാർലമെന്റിലും, തൊട്ടടുത്ത ദിവസങ്ങളിൽ ചർച്ച പോലും കൂടാതെ രാജ്യസഭയിലും ബിൽ പാസാക്കുകയുമുണ്ടായി.

ഉയർന്ന സാമ്പത്തിക സ്ഥിതിയുള്ള നിരവധി വ്യാപാരികൾ പലവിധ തന്ത്രങ്ങളാൽ കുറഞ്ഞ വിലയ്ക്ക് കർഷകരിൽ നിന്നും ഉത്പന്നങ്ങൾ വാങ്ങിക്കുകയും ഇത് കർഷകരുടെ ജീവിതം കൂടുതൽ ദുരിതപൂർണ്ണമാക്കുകയും ചെയ്യുന്ന സാഹചര്യം ഇന്ത്യയിൽ വ്യാപകമായി നിലനിന്നിരുന്നു. ഇത് അവസാനിപ്പിക്കാനാണ് സംസ്ഥാന സർക്കാരുകളുടെ കൂടെ നേതൃത്വത്തിൽ APMC (Agricultural produce market committe) അഥവാ മ

⇨ *സംസ്ഥാനങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആ നികുതി ഇല്ലാതാകാൻ പോവുകയാണ്* ⇨




ണ്ടികൾ വളരെ വർഷങ്ങൾക്ക് മുമ്പ് സ്ഥാപിക്കപ്പെടുന്നത്. ഇത് ഓരോ സംസ്ഥാനത്തും വ്യത്യസ്തമാണ്. ഓരോ പ്രദേശത്തും കർഷകർക്ക് ഉൽപ്പന്നങ്ങൾ വിൽക്കാൻ ഒരു പ്രത്യേക ചന്തയുണ്ടാകും. ആ ചന്ത നിയന്ത്രിക്കുന്ന ഒരു കമ്മിറ്റിയും ഉണ്ടാകും. കർഷകരിൽ നിന്നും ഉത്പന്നങ്ങൾ വാങ്ങിക്കാൻ താല്പര്യമുള്ള വ്യാപാരികൾ കമ്മിറ്റിയിൽ നിന്നും അതിനായി ലൈസൻസ് എടുക്കണം. അവർക്ക് മാത്രമേ മണ്ടികൾ വഴി ഉത്പ്പന്നങ്ങൾ വാങ്ങാൻ കഴിയൂ. എന്നാൽ നിലവിലെ പുതിയ നിയമ പ്രകാരം കർഷകർക്ക് ഏതു വിപണിയിലും അവരുടെ ഉത്പന്നങ്ങൾ വിൽക്കാം. കേൾക്കുമ്പോൾ ഗുണകരമായി തോന്നാമെങ്കിലും കുറഞ്ഞ ഉൽപ്പാദനമുള്ള ചെറുകിട കർഷകർക്ക് തന്റെ ഉൽപ്പന്നങ്ങൾ ഏറ്റവും വില കിട്ടുന്ന വിപണിയിൽ കൊണ്ടുപോയി വ്യാപാരം നടത്തുക എന്നത് പ്രായോഗികമല്ല. യാത്രാ ചിലവ് വളരെ കൂടുതലായിരിക്കും. ഫലത്തിൽ കൂടുതൽ വിപണി എന്നത് വിൽക്കാനുള്ള കർഷകർക്കല്ല വാങ്ങാനുള്ള വൻകിട വ്യാപാരികൾക്കാണ് ഈ നിയമത്തിലൂടെ തുറന്നുകിട്ടുന്നത്. പുതിയ നിയമ പ്രകാരം മണ്ടികൾക്ക് പുറത്ത് വ്യാപാരം അനുവദിക്കുമ്പോൾ അതിനു യാതൊരു താങ്ങുവിലയും സർക്കാർ ഉറപ്പുവരുത്തുന്നില്ല. കർഷകരുടെ ക്ഷേമമാണ് ലക്ഷ്യമെങ്കിൽ മണ്ടികൾക്ക് പുറത്തായാലും താങ്ങുവില കൊടുക്കാൻ സർക്കാരിന് ബാധ്യതയുണ്ട്. മാത്രമല്ല, മണ്ടികൾ വഴി വിൽപ്പന നടത്തുമ്പോൾ ഒരു നിശ്ചിത തുക നികുതിയായി പ്രസ്തുത സംസ്ഥാന സർക്കാരുകൾക്ക് ലഭിക്കുമായിരന്നു. ഈ തുകയാണ് പല സർക്കാരുകളുടെയും പ്രധാന വരുമാന മാർഗ്ഗം. പുതിയ നിയമം വഴി സംസ്ഥാനങ്ങൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആ നികുതി ഇല്ലാതാകാൻ പോവുകയാണ്.

തുടക്കത്തിൽ കർഷകരെ ആകർഷിക്കാൻ നല്ല വില നൽകി കുത്തകകൾ സംഭരിച്ചാൽത്തന്നെ വിപണന കേന്ദ്രങ്ങൾ ഇല്ലാതെയാവുന്നതോടെ വലിയ വിലയിടിവ് സംഭവിക്കും. കർഷകർക്ക് ഗതികെട്ട് ഉത്പന്നങ്ങൾ വിറ്റഴിക്കേണ്ടിവരും. വിൽക്കാനും വാങ്ങാനുമുള്ള നിയന്ത്രണങ്ങൾ എടുത്തുകളയുന്നതും കുത്തകകൾക്കാണ് ഗുണം ചെയ്യുക. രാജ്യത്തെ കർഷകരിൽ 86 ശതമാനത്തോളം ചെറുകിട, പരിമിത, നാമമാത്ര കർഷകരാണ്. അവർക്ക് കുറഞ്ഞ അളവിലുള്ള ഉത്പന്നങ്ങൾ വിദൂര സ്ഥലങ്ങളിൽ വില കൂടുതലുണ്ടെന്ന് കരുതി കൊണ്ടുപോയി വിൽക്കാനാവില്ല. പരിമിതമായ തന്റെ ഉത്പന്നങ്ങൾ സമീപപ്രദേശങ്ങളിൽ തന്നെ വിറ്റഴിക്കാൻ അവർ നിർബന്ധിതരാകും. എന്നാൽ കുത്തക

കൾക്ക് എത്ര ദൂര ദിക്കുകളിൽ നിന്നും വാങ്ങിക്കൂട്ടാൻ സൗകര്യങ്ങളുണ്ട്. അവർ വില കുറച്ച് ലഭിക്കുന്നിടത്തെ ഉത്പന്നങ്ങൾ തേടിപോകും.

കൃഷി നഷ്ടത്തിലാകുന്നതിന്റെ പ്രധാന കാരണം വിളവെടുപ്പ് മോശമാകുന്നത് കൊണ്ടല്ല. മറിച്ച് കർഷകന് ഉൽപ്പന്നങ്ങൾക്ക് അർഹിക്കുന്ന വില ലഭിക്കാത്തതാണ് പ്രശ്നം. അത് പരിഹരിക്കാനാണ് സർക്കാർ ചില ഉൽപ്പന്നങ്ങൾക്ക് താങ്ങുവില നിശ്ചയിച്ചു നൽകിയിരിക്കുന്നത്. ഉത്പാദന ചിലവിന്റെ ഒന്നര ഇരട്ടി താങ്ങുവില കൊടുക്കണം എന്നായിരുന്നു സ്വാമിനാഥൻ കമ്മറ്റിയുടെ നിർദ്ദേശം. 2014 തെരഞ്ഞെടുപ്പിൽ ബി.ജെ.പിയുടെ പ്രധാന വാഗ്ദാനങ്ങളിൽ ഒന്നായിരുന്നു ഇത്. പക്ഷെ പുതിയ നിയമത്തിൽ താങ്ങുവിലയെ കുറിച്ച് പറയുന്നതേയില്ല. താങ്ങുവില നിയമപരമായ അവകാശമാക്കിയാൽ പുതിയ നിയമം വഴി വിപണി

> പുതിയ നിയമത്തിൽ താങ്ങുവിലയെ കുറിച്ച് പറയുന്നേയില്ല. താങ്ങുവില നിയമപരമായ അവകാശമാക്കിയാൽ പുതിയ നിയമം വഴി വിപണി കീഴടക്കാൻ ലക്ഷ്യം വയ്ക്കുന്ന വൻകിട കോർപറേറ്റ് കമ്പനികൾക്ക് ആ വിലയ്ക്കോ അതിൽ കൂടുതലോ കൊടുക്കേണ്ടി വരും. അതോടെ വൻലാഭം എന്ന ലക്ഷ്യം ഉപേക്ഷിക്കേണ്ടിവരും. അത് ഒഴിവാക്കാൻ വേണ്ടിയാണ് മണ്ടികൾക്ക് പുറത്ത് കർഷകർക്ക് താങ്ങുവില പരിരക്ഷയില്ലാതെ വ്യാപാരം നടത്താൻ പുതിയ നിയമം അവസരമൊരുക്കുന്നത്.

കീഴടക്കാൻ ലക്ഷ്യം വയ്ക്കുന്ന വൻകിട കോർപറേറ്റ് കമ്പനികൾക്ക് ആ വിലയോ അതിൽ കൂടുതലോ കൊടുക്കേണ്ടി വരും. അതോടെ വൻലാഭം എന്ന ലക്ഷ്യം ഉപേക്ഷിക്കേണ്ടിവരും. അത് ഒഴിവാക്കാൻ വേണ്ടിയാണ് മണ്ടികൾക്ക് പുറത്ത് കർഷകർക്ക് താങ്ങുവില പരിരക്ഷയില്ലാതെ വ്യാപാരം നടത്താൻ പുതിയ നിയമം അവസരമൊരുക്കുന്നത്. തീർത്തും കോർപ്പറേറ്റുകൾക്ക് സഹായകമായ ഒരു നടപടിയാണ് ഇതെന്ന് വ്യക്തം.

പുതിയ നിയമമനുസരിച്ച് നിലവിലുള്ള പ്രാദേശിക ചന്തകളും, വ്യാപാര കേന്ദ്രങ്ങളും ഇല്ലാതെയാകും. ഇതാണ് ഹരിയാനയിലെയും, പഞ്ചാബിലെയും മറ്റ് വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലെയും കർഷകരെ പ്രകോപിപ്പിക്കുന്നത്. കാർഷിക വിളകൾക്കുള്ള താങ്ങുവില ഇല്ലാതാകും. കൃഷിരംഗത്ത് മത്സരം കൊണ്ടുവരുമെന്ന് പറയുന്നുണ്ടെങ്കിലും ഇതിന്റെ ഗുണം ഏതാനും വൻകിട കൃഷിക്കാർക്ക് മാത്രമായി ചുരുങ്ങും. കർഷകരുടെ താൽപര്യങ്ങൾക്ക് വിരുദ്ധമായാണ് ഈ നിയമങ്ങളെല്ലാം നടപ്പിലാക്കാൻ പോകുന്നത്. കാർഷിക വിപണികളിലേക്ക് വൻകിട കോർപ്പറേറ്റുകളുടെ വ്യാപകമായ കടന്നുവരവിന് ഈ നിയമനിർമ്മാണം വഴിയൊരുക്കും. കർഷകർക്ക് മുൻകൂറായി പണം നൽകി വ്യാപകമായി കരാർ കൃഷി ചെയ്യുന്ന സമ്പ്രദായം ഇപ്പോൾ നിലവിലുണ്ട്. ഈ നിയമനിർമ്മാണത്തിലൂടെ ഇത്തരം കരാർ കൃഷികൾക്ക് നിയമസാധ്യത ലഭിക്കും. കാർഷികോൽപ്പന്നങ്ങളുടെ വില മാത്രമല്ല, കർഷകർ കൃഷി ചെയ്യേണ്ട വിളകളും, വിത്തിനങ്ങളും കോർപ്പറേറ്റുകൾ തീരുമാനിക്കും. ഇത്തരം കോർപ്പറേറ്റ് ഭീമന്മാർ കരാർ കൃഷി വ്യാപിപ്പിക്കുമ്പോൾ ചെറുകിട കർഷകർ പ്രതിസന്ധിയിലാകും. വൻകിട ഭൂഉടമകളുടെ വാണിജ്യ താൽപര്യങ്ങൾക്ക് അനുയോജ്യമായിട്ടായിരിക്കും കാർഷികോത്പ്പാദനവും വിതരണവും നടക്കുക. കർഷക താത്പര്യങ്ങൾ കുഴിച്ചുമൂടുകയും കോർപ്പറേറ്റ് താത്പര്യങ്ങൾ സംരക്ഷിക്കപ്പെടുകയും ചെയ്യുന്ന അവസ്ഥയുണ്ടാകും. ഭക്ഷ്യവസ്തുക്കളുടെ വ്യാപാരവും വാണിജ്യവും ഭരണഘടനയിൽ കൺകറന്റ് ലിസ്റ്റിലാണ് ഉൾപ്പെടുന്നത്. പുതിയ നിയമം വഴി അതിർത്തികളില്ലാത്ത വ്യാപാരത്തിനും വാണിജ്യത്തിനും കുത്തകകൾക്ക് അവസരം ലഭിക്കുകയും സംഭരിക്കാൻ അവസരം ഉണ്ടാവുകയും ചെയ്യുകയാണ്. ഇക്കാര്യങ്ങളെല്ലാം തുറന്നു കാണിച്ചുകൊണ്ടാണ് കർഷകർ വിട്ടുവീഴ്ചയില്ലാത്ത സമരവുമായി മുന്നോട്ടുപോകുന്നത്.

ജൂൺ 5ന് കേന്ദ്ര മന്ത്രിസഭ ഓർഡിനൻസ് ഇറക്കിയ തൊട്ടടുത്ത ദിവസം തന്നെ പഞ്ചാബിലെ കർഷകർ പ്രതിഷേധം ആരംഭിച്ചിരുന്നു. ജൂൺ ആറിന് കേന്ദ്ര ഭരണ മുന്നണിയായ എൻ.ഡി.എയുടെ കോലം കത്തിച്ചുകൊണ്ടായിരുന്നു പ്രതിഷേധം. ജൂലൈ 20ന് ഭാരതീയ കിസാൻ യൂണിയൻ, കൃതി കിസാൻ യൂണിയൻ, കുൽഹിന്ദ് കിസാൻ യൂണിയൻ തുടങ്ങി 11 ഓളം കർഷക സംഘടനകൾ ചേർന്ന് പ്രതിഷേധം വ്യാപകമാക്കാൻ തീരുമാനിക്കുകയും 15 ജില്ലകളിൽ അകാലിദൾ-എൻ.ഡി.എ സംഖ്യത്തിന്റെ കോലം കത്തിക്കുന്ന പരിപാടികൾ നടത്തുകയും ചെയ്തു. തുടർന്ന് വിവിധ കർഷക സംഘടനകൾ ഒരുമിച്ച് ചേർന്ന് വലിയ ട്രാക്ടർ റാലികൾ സംഘടിപ്പിച്ചു. പഞ്ചാബ്, ഹരിയാന സംസ്ഥാനങ്ങളിലെ ആയിരക്കണക്കിന് ഗ്രാമങ്ങ

ളിൽ കർഷക വിരുദ്ധ ഓർഡിനൻസിലെ ചതിക്കെണികൾ വിശദീകരിച്ച് യോഗങ്ങൾ സംഘടിപ്പിച്ചു. കർഷക സംഘടനകൾ ചേർന്നുകൊണ്ടുള്ള ആൾ ഇന്ത്യാ കിസാൻ സംഘർഷ സമിതി കോഓർഡിനേഷൻ കമ്മിറ്റി ഈ ബോധവത്ക്കരണ പരിപാടിയിൽ സജീവ പങ്കാളികളായി.

പ്രക്ഷോഭം ശക്തമായതിനെ തുടർന്ന് സെപ്തംബർ 17ന് അകാലിദൾ നേതാവും കേന്ദ്ര മന്ത്രിയുമായ ഹർസിമ്രത് കൗർ ബാദൽ കേന്ദ്ര മന്ത്രിസഭയിൽ നിന്ന് രാജിവെച്ചു. പ്രതിഷേധങ്ങൾ അലയടിക്കുമ്പോഴും പാർലമെന്റിൽ ചർച്ച പോലും നടത്താതെ പാസാക്കിയ മൂന്ന് നിയമങ്ങൾക്കും സെപ്തംബർ 27ന് രാഷ്ട്രപതി അംഗീകാരം നൽകി. അന്നുതന്നെ 27 കൊല്ലത്തെ എൻ.ഡി.എ ബന്ധം ഉപേക്ഷിച്ച്, കർഷക പ്രക്ഷോഭത്തിന് പിന്തുണ പ്രഖ്യാപിച്ച് അകാലിദൾ പുറത്തുവന്നു. തുടർന്ന് പഞ്ചാബിൽ സമരം ശക്തിപ്പെടുകയും നവംബർ 26ന് 'ദില്ലി ചലോ മാർച്ച്' സംഘടിപ്പിച്ച് കർഷക സംഘടനകൾ ദില്ലിയിലേക്ക് നീങ്ങുകയുമായിരുന്നു.

രാജ്യതലസ്ഥാനം കേന്ദ്രീകരിച്ച് നടക്കുന്ന സമരം കൂടുതൽ തീക്ഷ്ണമാവുകയാണ്. സമരക്കാരുമായി കേന്ദ്ര കൃഷി മന്ത്രി നരേന്ദ്ര സിങ് തോമർ നടത്തിയ ചർച്ച എവിടെയുമെത്താതെ അടിച്ചുപിരിഞ്ഞു. തങ്ങൾക്കുവേണ്ടി തയ്യാറാക്കിവെച്ച ചായയും ഭക്ഷണവും കഴിക്കാതെയാണ് കർഷക നേതാക്കൾ ചർച്ചാ മുറിയിൽനിന്ന് തിരിച്ചുപോയത്. പുതിയ നിയമം പിൻവലിക്കുന്നതിൽ കുറഞ്ഞ ഒരൊത്തുതീർപ്പിനും സന്നദ്ധമല്ലെന്നാണ് കർഷക നേതാക്കൾ പ്രഖ്യാപിച്ചിരിക്കുന്നത്. സമരത്തെ കൂടുതൽ തീക്ഷ്ണമാക്കുന്നതിന്റെ ഭാഗമായി ഡിസംബർ എട്ടിന് പ്രഖ്യാപിച്ച ഭാരത ബന്ദും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ വലിയ വിജയമായിരുന്നു. സമരത്തിന് ന്യായമായ പരിഹാരം കാണുക മാത്രമാണ് കേന്ദ്ര സർക്കാരിന് മുന്നിൽ ഇപ്പോഴുള്ള വഴി. കുതന്ത്രങ്ങൾകൊണ്ട് തകർക്കാൻ കഴിയുന്നതല്ല കർഷകരുടെ ആത്മവീര്യം. ■

## കേരള ജൈവ കർഷക സമിതി എന്തുകൊണ്ട് കർഷക സമരത്തെ പിന്തുണയ്ക്കുന്നു?

2020 സെപ്തംബറിൽ കേന്ദ്ര സർക്കാർ കൊണ്ടുവന്ന പുതിയ കാർഷിക നിയമങ്ങളെ 'ഹരിതവിപ്ലവ'ത്തിന്റെ അടുത്തഘട്ടമായാണ് കേരളാ ജൈവ കർഷക സമിതി കാണുന്നത്. 1966 ൽ ഹരിതവിപ്ലവത്തോടെ രാസവളം-കീടനാശിനി കമ്പനികൾ മണ്ണ്, വായു, വെള്ളം മലിനമാക്കുകയും ജനങ്ങളുടെ ആരോഗ്യം ക്ഷയിപ്പിക്കുകയും നാടൻ വിത്തുകൾ ഇല്ലാതാക്കുകയും കർഷകരെ കടക്കെണിയിൽ ആക്കി ആത്മഹത്യയിലെത്തിക്കുകയും ചെയ്തെങ്കിൽ അതിലും വലിയ വിപത്തുകളാണ് പുതിയ കാർഷിക നിയമങ്ങൾ കാരണം സംഭവിക്കാൻ പോകുന്നത്. 1. പുതിയ മൂന്ന് കാർഷിക നിയമങ്ങൾ കോർപ്പറേറ്റുകൾക്ക് കൃഷിയിടം മുതൽ അടുക്കള വരെ സർവ്വ സ്വാതന്ത്ര്യവും അനുവദിച്ചു കൊടുത്തിരിക്കുന്നു. 2. എന്താണ് കൃഷിചെയ്യേണ്ടത്, എങ്ങനെയാണ് ചെയ്യേണ്ടത്, ഏതു വിത്താണ് ഉപയോഗിക്കേണ്ടത്, കൃഷിക്കാരൻ എന്തു വിലയ്ക്കാണ് വിൽക്കേണ്ടത് എന്നുമാത്രമല്ല ഏതു തരം ഭക്ഷണമാണ് ജനങ്ങൾ കഴിക്കേണ്ടത് എന്നും കോർപ്പറേറ്റുകളാണ് ഇനി തീരുമാനിക്കുക. 3. കോർപ്പറേറ്റുകൾക്ക് ആവശ്യമുള്ള വിളകൾ മാത്രം കൃഷി ചെയ്യാൻ എല്ലാ കൃഷിക്കാരും നിർബന്ധിതരാകുമ്പോൾ നമ്മുടെ കാർഷിക വൈവിധ്യം പൂർണ്ണമായി നഷ്ടപ്പെടും. 4. വിത്തു വിൽപനയും അവരുടെ കുത്തകയായി മാറും. ജനിതകമാറ്റം വരുത്തിയ വിളകൾ സർവ്വസാധാരണമാകുകയും നാടൻ വിത്തുകൾ ഇല്ലാതാകുകയും ചെയ്യും. ഇപ്പോൾ തന്നെ ചിലത് നിയമവിരുദ്ധമായി ഇന്ത്യയിൽ പരീക്ഷിക്കുന്നുണ്ട്. ഒഡീഷയിൽ മാൽക്കാഗിരി ജില്ലയിൽ വിറ്റാമിൻ സി കലർന്ന അരി കൊടുക്കുന്നുണ്ട്. 5. കോർപ്പറേറ്റുകൾ പറയുന്നതുപോലെ കൃഷിചെയ്യാൻ വൻകിട കൃഷിക്കാർക്കു മാത്രമേ പറ്റൂ. അതിനാൽ 86 ശതമാനം വരുന്ന ചെറുകൃഷിക്കാർക്ക് ഭൂമി ഉപേക്ഷിക്കേണ്ടിവരും. 6. അത്യുത്പ്പാദനത്തിനുവേണ്ടി കടുത്ത കളനാശിനി-വിഷ പ്രയോഗങ്ങളും അമിതമായ ജലചൂഷണവും ഇന്നത്തേതിലും വളരെ കൂടുതലായി നടക്കും. 7. ഭക്ഷ്യവിളകളുടെ സംഭരണവും സംസ്കരണവും വിതരണവും വിൽപനയും കോർപ്പറേറ്റുകൾ നടത്തുമ്പോൾ നിലവിലെ ഭക്ഷണ സംസ്കാരം തന്നെ തകിടം മറിയും. 8. ഇന്ത്യക്കാരെല്ലാം കോർപ്പറേറ്റുകൾ വിളമ്പുന്ന ഫാസ്റ്റ് ഫുഡ് കഴിക്കേണ്ട ഗതികേട് വരും. അവ വളരെ വിലകുറച്ച് കമ്പനികൾക്ക് വിൽക്കാനും കഴിയും. 9. എന്നാൽ പഴങ്ങൾ, പച്ചക്കറികൾ, പലവ്യഞ്ജനങ്ങൾ എന്നിവ സാധാരണക്കാർക്ക് വാങ്ങാൻ പറ്റാത്ത വിധം വില കൂടുതലാകും. കാശുള്ളവർക്കു മാത്രം പോഷക ഭക്ഷണം എന്ന നില വരും. 10. അതോടെ സാധാരണക്കാരുടെ ആരോഗ്യസ്ഥിതി ഇനിയും വഷളാകും. പ്രത്യേകിച്ച് കേരളമാണ് ഇതിന്റെ ദോഷം കൂടുതൽ അനുഭവിക്കുക. ■